"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - വട്ടോളി നാഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.രൂപേഷ് എൻ.പി.യുടെ നിയമനാംഗീകാരം - സർക്കാരിൽ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.4013/2026/GEDN തീയതി,തിരുവനന്തപുരം, 17-06-2026

---

പരാമർശം:-

1. നാഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജരുടെ 23.01.2026 തീയതിയിലെ റിവിഷൻ ഹർജി.
2. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 07.04.2026-ലെ ഡിഇഒവികെഎ/443/2026-ബി2 നമ്പർ റിപ്പോർട്ട്.
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24.03.2026-ലെ ഡിജിഇ/4851/2026-ഇഎം6 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

വട്ടോളി നാഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. രൂപേഷ് എൻ.പി.യുടെ നിയമനാംഗീകാരം സംബന്ധിച്ച് പ്രസ്തുത സ്കൂൾ മാനേജർ പരാമർശം 1 പ്രകാരം റിവിഷൻ ഹർജി സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയത്തിൽ 08.04.2026 തീയതി ബന്ധപ്പെട്ടവരെ നേരിൽ കേട്ടു.

3. മാനേജരുടെ വാദഗതികൾ ഇപ്രകാരമാണ്. ഓഫീസ് അറ്റൻഡന്റ് ശ്രീ.ജിതേഷ് എൻ.പി.യെ ക്ലാർക്ക് ആയി സ്ഥനക്കയറ്റം നൽകിയ ഒഴിവിലാണ് ഇതേ വിദ്യാലയത്തിൽ ഫുൾടൈം മീനിയൽ ആയി ജോലി നോക്കി വരുന്ന ശ്രീ. രൂപേഷ് എൻ.പി.യെ 01/07/2019 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി ഉദ്യോഗക്കയറ്റം നൽകി നിയമിച്ചത്. എന്നാൽ ശ്രീ.ജിതേഷിന്റെ സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടില്ലെന്ന പ്രധാന കാരണത്താൽ, ഒഴിവിന്റെ അഭാവത്തിൽ ടിയാന്റെ നിയമനം വിദ്യാഭ്യാസ ആഫീസർമാർ നിരസിക്കുകയുണ്ടായി. ഇതിനെതിരെ ഡയറക്ടർ മുമ്പാകെ ഫയൽ ചെയ്ത റിവിഷൻ ഹർജിയും മേൽ കാരണത്താൽ നിരസിക്കപ്പെട്ടിരിക്കുകയാണ്. ശ്രീ. ജിതേഷിന്റെ ക്ലാർക്ക് ആയുള്ള 31/07/2019 മുതൽക്കുള്ള നിയമനത്തിന് അംഗീകാരം നൽകാൻ 30/12/2025-ലെ ഗവ. ഉത്തരവ് (സാധാ) നം. 10650/25/പൊ.വി പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസരണം ടിയാന്റെ നിയമനാംഗീകാര പ്രപ്പോസൽ വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർ പരിഗണിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ നിയമനാംഗീകാരം നിരസിക്കാൻ ചൂണ്ടിക്കാണിച്ച പ്രധാന കാരണം അപ്രസക്തമായിരിക്കുകയാണ്. ചേർക്കാൻ വിട്ടുപോയ മറ്റ് രേഖകളൊക്കെ ജില്ലാവിദ്യാഭ്യാസ

ആഫീസർക്ക് പുനഃസമർപ്പിക്കുന്നതാണ്. മേൽ സാഹചര്യത്തിൽ ശ്രീ.രുപേഷ് എൻ.പി.യുടെ ഓഫീസ് അറ്റൻഡന്റ് നിയമനത്തിന് 01/07/2019 മുതൽ അംഗീകാരം നൽകാനുള്ള നിർദ്ദേശം വടകര ജില്ലാ വിദ്യാഭ്യാസ ആഫീസർക്ക് നൽകണമെന്നഭ്യർത്ഥിച്ചിട്ടുണ്ട്.

4.പൊതു വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വട്ടോളി നാഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ജിതേഷ് എൻ.പി.ക്ക് ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ടി സ്കൂളിലെ എഫ്.ടി.എം ആയ ശ്രീ. രുപേഷ് എൻ.പി.യെ ഓഫീസ് അറ്റൻഡന്റ് ആയി 01/07/2019 മുതൽ നിയമിച്ചു. ശ്രീ.ജിതേഷ് എൻ.പി.യുടെ സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കാത്തതിനാൽ ശ്രീ. രുപേഷ് എൻ.പി.യുടെ നിയമനം നിരസിച്ചുത്തരവായിരുന്നു. സർക്കാർ ഉത്തരവ് (സാധാ) നം.10650/2025/പൊവിവ തീയതി 30/12/2025 പ്രകാരം നിലവിൽ ശ്രീ.ജിതേഷ് എൻ.പി.യുടെ 01/07/2019 ക്ലാർക്ക് നിയമനത്തിന് അംഗീകാരം നൽകാൻ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദേശിച്ച് ഉത്തരവായി. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ. ജിതേഷ് എൻ.പി.യുടെ ക്ലാർക്കായുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഒഴിവ് വ്യവസ്ഥാപിതമായതിനാൽ വട്ടോളി നാഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.രുപേഷ് എൻ.പി.യുടെ 01/07/2019 മുതലുള്ള ഓഫീസ് അറ്റൻഡന്റ് നിയമനം പരിഗണനാർഹമാണ് എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം ഹിയറിങ് വേളയിലെ വാദഗതികളുടെയും സമർപ്പിക്കപ്പെട്ട രേഖകളുടെയും വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകളുടെയും നിലവിലുള്ള നിയമങ്ങളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ശ്രീ.ജിതേഷ് എൻ.പി.യുടെ ക്ലാർക്കായുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത വിദ്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജിതേഷ് എൻ.പി.യെ ക്ലാർക്ക് ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിലാണ് ഫുൾടൈം മീനിയൽ ആയി ജോലി നോക്കി വരുന്ന ശ്രീ.രുപേഷ് എൻ.പി.യെ 01/07/2019 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി ഉദ്യോഗക്കയറ്റം നൽകി നിയമിച്ചത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ, വട്ടോളി നാഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ശ്രീ.രുപേഷ് എൻ.പി.യുടെ 01/07/2019 മുതൽ ഉള്ള ഓഫീസ് അറ്റൻഡന്റ് നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ അവശ്യരേഖകൾ പരിശോധിച്ചുറപ്പുവരുത്തിയ ശേഷം പരിഗണിക്കുവാൻ വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നൽകി അപ്രകാരം മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അപ്സര ടി ടി
അണ്ടർ സെക്രട്ടറി

മാനേജർ, നാഷണൽ ഹയർ സെക്കന്ററി സ്കൂൾ, വട്ടോളി, കോഴിക്കോട് - 673 507
ശ്രീ.രുപേഷ് എൻ.പി., ഓഫീസ് അറ്റൻഡന്റ്, നാഷണൽ ഹയർ സെക്കന്ററി സ്കൂൾ, വട്ടോളി,
കോഴിക്കോട് - 673 507
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ , കോഴിക്കോട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര

വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Resmi Babu
സെക്ഷൻ ഓഫീസർ
Date: 17-06-2026 20:05:45

പകർപ്പ്: പൊതുവിദ്യാഭ്യാസ സ്പെഷൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.